**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 62/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,

പരിശുദ്ധ സഭയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി അതിന്റെ പ്രവർത്തന സരണിയിൽ 25 വർഷം പൂർത്തീകരിക്കുന്നു എന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. നാക് (NAAC), എൻ.ബി.എ (NBA) അംഗീകാരം നേടിയിട്ടുള്ള ഈ കോളേജിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ സയൻസ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നീ ശാഖകളിൽ ബിടെക് കോഴ്സുകൾ നടത്തിവരുന്നു. ഈ അധ്യയന വർഷം ഇലക്ട്രിക്കൽ & കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് & കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ കൂടി ആരംഭിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

ഇന്നത്തെ ഉന്നത വിദ്യാഭ്യാസ രംഗം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽ അരക്ഷിതമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സഭ നടത്തുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ പീരുമേട് എഞ്ചിനീയറിംഗ് കോളേജ് മികച്ച എഞ്ചിനീയറിംഗ് പരിശീലനത്തോടൊപ്പം ഇങ്ങനെയുള്ള വെല്ലുവിളികളെ അതിജീവിക്കത്തക്ക ധാർമിക ബോധം, ജീവിത മൂല്യ പരിപോഷണം, വ്യക്തിത്വ വികസനത്തിന് ആവശ്യമായ പരിശീലനം ഇവ നൽകുന്ന വിദ്യാഭ്യാസ സ്ഥാപനമാണ്.

ആരാധനയ്ക്കായി ഒരു ചാപ്പലും താമസിച്ച് പഠിക്കുന്നതിനായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റലുകളും ക്രമീകരിച്ചിട്ടുണ്ട്. കോളേജിൽ പഠനം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും മികച്ച നാഷണൽ/മൾട്ടി നാഷണൽ കമ്പനികളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്.

എഞ്ചിനീയറിംഗ് പഠിക്കുവാൻ ആഗ്രഹിക്കുന്ന നമ്മുടെ സഭാംഗങ്ങളായ വിദ്യാർത്ഥികളെ പീരുമേട് എഞ്ചിനീയറിംഗ് കോളേജിൽ ചേർക്കുന്നതിന് നമ്മുടെ വൈദീകരും രക്ഷിതാക്കളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനുമായി കോളേജ് അഡ്മിഷൻ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. (www.mbcpeermade.com, admission@mbcpeermade.com, Mob: 7559933571, 9072100344)

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2025 മാർച്ച് മാസം 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും. **ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**